## ട്രഷറി ഫിക്സഡ് ഡിപ്പോസിറ്റുകൾക്ക് ആദായ നികുതി ഈടാക്കുന്ന നടപടി

6 [1723] പ്രൊഫ. എ. ഡി. മൂസ്തഫ :
ശ്രീ. കെ. സുധാകരൻ :
,, ബി. വിജയകുമാർ :
,, എം. മുരളി :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറികളിലെ ഫിക്സഡ് ഡിപ്പോസിറ്റുകൾക്ക് ആദായനികുതി ഈടാക്കിയ ശേഷമുള്ള തുകയാണോ മടക്കി നൽകാറുള്ളത് ;

(ബി) ഇതിനു നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആരുടെ നിർദ്ദേശം അനുസരിച്ചാണ് ഇപ്രകാരം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നടപടി മൂലം ട്രഷറികളിലുള്ള ഫിക്സഡ് ഡിപ്പോസിറ്റിന്റെ എണ്ണവും തുകയും കുറഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) ട്രഷറികളിൽ ഫിക്സഡ് ഡിപ്പോസിറ്റുകൾക്ക് ആദായനികുതി ഈടാക്കിയ ശേഷമല്ല തുകകൾ മടക്കി നൽകുന്നത്. ഒരു സാമ്പത്തിക വർഷം ഒരു ഡിപ്പോസിറ്റിന് നൽകുന്ന പലിശ 5000 രൂപയിൽ അധികമായാൽ പ്രസ്തുത തുകയുടെ 10% ആദായനികുതിയായി ഈടാക്കുന്നുണ്ട്.

(ബി) ആന്റ് (സി) 1961-ലെ ഇൻകംടാക്സ് നിയമം (സെക്ഷൻ 194 എ) പ്രകാരം നിക്ഷേപങ്ങൾക്കു നൽകുന്ന പലിശയിൽ നിന്നും ഇൻകംടാക്സ് ഈടാക്കേണ്ടതാണ്.

(ഡി) കുറഞ്ഞിട്ടില്ല

## അന്യ സംസ്ഥാനങ്ങൾക്കുവേണ്ടി സ്വകാര്യ വ്യക്തികളും കമ്പനികളും ലോട്ടറി ടിക്കറ്റ് അടിച്ചു വിൽക്കുന്ന നടപടി

7 [1724] ശ്രീ. എം. എ. വാഹിദ് :
,, പി. ടി. തോമസ് :
,, ഡി. സുഗതൻ :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly